إدارة أوقاف
صالح عبد العزيز الراجحي

# ലാഇലാഹ ഇല്ലല്ലാഹ്
# എന്നാൽ

ഗ്രന്ഥകർത്താവ്:
**ഹമൂദ് ബിൻ മുഹമ്മദു ല്ലാഹിം**

വിവർത്തകൻ:
**കോയക്കുട്ടി ഫാറൂഖി**

مطبعة دار طيبة - الرياض - ت: ٤٢٨٣٨٤٠

GIFT NOT FOR SALE

# ലാഇലാഹ ഇല്ലല്ലാഹ്
# എന്നാൽ

ഗ്രന്ഥകർത്താവ്:

**ഹമൂദ് ബിൻ മുഹമ്മദു ല്ലാഹിം**

വിവർത്തകൻ:

**കോയക്കുട്ടി ഫാറൂഖി**

## സത്യവിശ്വാസികൾക്ക് സഹായമായില്ലേ ?

നന്മയുടെയും നീതിയുടെയും മഹത്വത്തിന്റെയും മഹിമ ലോകത്തിന് മനസ്സിലാക്കിക്കൊടുത്തത് ഇസ്‌ലാമായിരുന്നു . ഇസ്‌ലാം മുഖേനയാണ് മാനവരാശിയുടെ മോചനമാർഗ്ഗമെന്നത് ന്യായബോധമുള്ളവരെല്ലാം ഇന്ന് അംഗീകരിച്ചു കൊണ്ടിരിക്കുകയാണല്ലോ. ഇസ്‌ലാം എന്നും നന്മയുടെ അച്ചുതണ്ടായി വർത്തിച്ചിട്ടുണ്ട്. ഇന്നും അങ്ങിനെത്തന്നെയാണ്.

ലോകത്ത് ഇന്ന് നൂറ് കോടി മുസ്ലിംകളുണ്ട്. എന്നാൽ ലോകമാസകലം അവർ അവഗണിക്കപ്പെട്ടവരും പീഡിതരുമായി കഴിയാൻ വിധിക്കപ്പെട്ടതുപോലെയുണ്ട്. യഥാർത്ഥത്തിൽ, വിശ്വാസികളിൽ നിങ്ങളാണ് ഉന്നതന്മാർ എന്നും, ജനങ്ങളെ നന്മ കല്പിക്കാനും തിന്മയിൽ നിന്ന് തടയാനും നിയോഗിതരായ ഉത്തമ സമുദായമാണ് നിങ്ങൾ എന്നും മുസ്ലിംകളെക്കുറിച്ച് അല്ലാഹു വിശേഷിപ്പിക്കുന്നു .

'ഭൗതിക' സമ്പാദ്യങ്ങൾക്കും ശക്തിപ്രകടനങ്ങൾക്കും പിന്നാലെയാണിന്ന് എല്ലാവരും. മുസ്ലിംകൾ കൂടി അതിലേക്ക് തിരിഞ്ഞാൽ ആരുണ്ട് ലോകത്തിന് വെളിച്ചമേകാൻ ?

മുസ്ലിംകളെ അല്ലാഹു ഏൽപിച്ച 'അമാനത്ത്' ആണ് സന്ദേശ പ്രചാരണം. ആ സന്ദേശം തന്നെ അവർക്കിന്ന് അന്യമായിരിക്കുന്നു. അത് നിർവ്വഹിക്കുന്നതിലവർ കുറ്റകരമായ അനാസ്ഥ കാണിച്ചിരിക്കുന്നു. അതുമൂലം യഥാർത്ഥ മുസ്ലിംകളെവിടെയെന്ന് ലോകർക്ക് തിരഞ്ഞു നടക്കേണ്ടതായി വന്നിരിക്കുന്നു.

നിശ്ചയമായും ഈ സ്ഥിതിക്ക് മാറ്റം അനിവാര്യമാണ്. ഒരു ജനതയും അവരുടെ നിലപാടിൽ സ്വയം മാറ്റം വരുത്താതെ അല്ലാഹു അവരിൽ പരിവർത്തനമുണ്ടാക്കുകയില്ല

ഇസ്ലാമിലേക്ക് തിരിച്ചുവരിക, അത് മാത്രമാണിന്ന് ഏകപോംവഴി

സ്വയം വിചാരണക്ക് തയ്യാറാവുക. എല്ലാകാര്യങ്ങളും നന്നാക്കി തീർക്കാനായി ഒത്തൊരുമിച്ച് കൈകോർക്കുക. ഇസ്ലാമിനെ അതിന്റെ യഥാർത്ഥ സ്രോതസ്സിൽ നിന്ന് ഉൾക്കൊള്ളുക. അതിനായി

ബന്ധപ്പെടുക : ടെലഫോൺ : 4030 251 - 4031 587

കോഓപ്പറേറ്റീവ് ഓഫീസ് ഫോർ കാൾ ആന്റ് ഗൈഡൻസ്
ബത്ഹ, റിയാദ്. (ബലിക് ഹനഫ് സെന്ററ് ,
ടെലിവിഷൻ സ്റ്റേഷന് സമീപം)
പോസ്റ്റ് : 20824 . റിയാദ് : 11465 , സ . അറേബ്യ.

# ലാഇലാഹ ഇല്ലല്ലാഹ് എന്നാൽ

## ആമുഖം

ഒരു മുസ്‌ലിമും അമുസ്‌ലിമും തമ്മിൽ വേർതിരിയുന്ന പ്രധാന അതിർത്തിയും ഇസ്‌ലാമിൻെറ അടിസ്ഥാന ശിലയുമാണ് "ലാഇലാഹ ഇല്ലല്ലാഹ്" (ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മററാരുമില്ല) എന്നവചനം. അതിൽ നിന്നാണ് ജീവിത സരണി ഉയിരെടുക്കുന്നതും മനുഷ്യന്നും പ്രപഞ്ചത്തിന്നും രൂപഭാവങ്ങൾ വന്നു ചേരുന്നതും. നൂഹ് നബി(അ) മുതൽ മുഹമ്മദ് (സ.അ) വരെയുള്ള പ്രവാചകന്മാരഖിലരുടേയും പ്രബോധനം പടുത്തുയർത്തപ്പെട്ടിരിക്കുന്നതും അതിന്മേൽ തന്നെയാകുന്നു.

**അല്ലാഹു പറഞ്ഞു: "ആരാധനക്കർഹൻ ഞാനല്ലാതെ മററാരുമില്ല. അതിനാൽ എന്നെ മാത്രമേ ആരാധിക്കാവൂ എന്ന സന്ദേശം നൽകിക്കൊണ്ടല്ലാതെ ഒരൊററ ദൂതനേയും നിനക്കുമുമ്പ് നാം അയച്ചിട്ടില്ല." (വി.ഖു.21 : 25) .**

എല്ലാററിനെക്കുറിച്ചും സൂക്ഷ്മ ജ്ഞാനിയായ, സർവ്വത്തിൻെറയും നിയന്താവും സ്രഷ്ടാവുമായ അല്ലാഹുവിനെ വണങ്ങുന്നതിൽ മുഴികിയവരാണ് പ്രപഞ്ചത്തിലെ സകലമാന വസ്തുക്കളും. അപ്രകാരം തന്നെ മററെല്ലാ ജീവജാലങ്ങളേയും ജിന്ന്, മനുഷ്യവർഗ്ഗങ്ങളേയും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നതും 'അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മററാരുമില്ലെന്ന സത്യസാക്ഷ്യത്തിന്ന് വേണ്ടിയാകുന്നു.'

## ലാഇലാഹ ഇല്ലല്ലാ യുടെ അർത്ഥം

ഒരു നിഷേധവും ഒരുസ്ഥാപനവും ഉൾപ്പെടുന്ന വചനമാണ് 'ലാഇലാഹ ഇല്ലല്ലാഹ്' എന്നത്.

**ഒന്നാമതായി,** പരമോന്നതനായ അല്ലാഹു ഒഴികെയുള്ള സർവ്വ ദൈവങ്ങളേയും നിഷേധിക്കുന്നു. പ്രപഞ്ചത്തിലെ മാലഖമാർ, പ്രവാചകന്മാർ, മററുമനുഷ്യർ, വിഗ്രഹങ്ങൾ, പ്രകൃതി ശക്തികൾ എന്നുവേണ്ട അല്ലാഹു അല്ലാത്ത ഒന്നും ഒരിക്കലും ദൈവങ്ങളല്ല. ആരാധനയിലെ ഒരംശവും ഇവരാരും അർഹിക്കുന്നുമില്ല. അപ്പോൾ ഇവിടെ മനുഷ്യ സങ്കൽപ ദൈവങ്ങളൊന്നുമില്ല എന്ന് നിഷേധിക്കുന്നില്ല. മറിച്ച് സാക്ഷാൽ ആരാധ്യൻെറ ആരാധനാർഹത മററാർക്കും ഇല്ലെന്ന നിഷേധമാണ് പറയുന്നത്.

**രണ്ടാമതായി,** ഏകനായ അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്നു സ്ഥാപിക്കുന്നു. അല്ലാഹു ഒഴികെ യാതൊന്നിനേയും ഒരടിമ ആരാധ്യനായി കാണരുത് എന്നു സാരം. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, അല്ലാഹു അല്ലാതെ ദൈവമായി ഒരു വസ്തുവിനേയും കരുതാതിരിക്കുക. ഇത് മനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രാർത്ഥന മുതലായ ആരാധനയുടെ ഏതു ഗണവും ഇപ്രകാരമാണ് മനസ്സിലാക്കേണ്ടതെന്നത് നിർബന്ധമാണ്.

അപ്പോൾ, നിയമാനുസൃത പൂജാകർമ്മങ്ങളുടെ എല്ലാഗണങ്ങളും ആരാധന തന്നെയാണ്. അവ അർപ്പിക്കാൻ തികച്ചും അർഹനായവനിൽ മാത്രം അതു നിക്ഷിപ്തമായിരിക്കുകയും വേണം. അതിനാൽ സർവ്വ വിശേഷണങ്ങളും സമ്പൂർണ്ണമായി നില കൊള്ളുന്ന ആ സാക്ഷാൽ ദൈവത്തിലേക്കു മാത്രമേ ഈ ആരാധനകളൊക്കെ തിരിക്കാവൂ എന്നതും അനിവാര്യമായിത്തീരുന്നു.

# ആ സമ്പൂര്‍ണ്ണ വിശേഷ ഗുണങ്ങള്‍

**1.** ആരാധ്യന്‍ എന്ന വിശേഷണം . ഏകത്വത്തിന്റെ വ്യതിരിക്തത. അവന്റെ വിശേഷ ഗുണങ്ങളിലോ അധികാരത്തിലോ മററാര്‍ക്കും യാതൊരു പങ്കുമില്ല. അവന്‍ ഏകനും ഏവര്‍ക്കും ആശ്രയമായിട്ടുള്ളവനുമാണ്.

**2.** മററുള്ളവരില്‍ നിന്നെല്ലാം സ്വയം ധന്യനായവന്‍. ഒരു സഹായിയിലേക്കോ കൂട്ടുകാരിയിലേക്കോ സന്തതിയിലേക്കോ ആവശ്യമില്ലാത്തവന്‍.

**3.** സര്‍വ്വ ശക്തന്‍. ഒന്നും അവനെ ദുര്‍ബലമാക്കുകയില്ല. സഹായികളില്ലാതെ അക്ഷീണം ഉദ്ദേശിച്ചതെല്ലാം പ്രവര്‍ത്തിക്കുന്നവന്‍. അവന്‍ ഉദ്ദേശിക്കുന്ന എന്തിനോടും 'ഉണ്ടാകുക' എന്നു പറഞ്ഞാല്‍ അതുണ്ടാകുകയായി.

**4.** ജീവനുള്ളവന്‍. ഒരിക്കലും നാശമില്ലാത്ത, എന്നെന്നും നിലനില്‍ക്കുന്ന, നിത്യജീവനുള്ള, എല്ലാത്തിന്റേയും നിയന്താവ്.

**5.** എന്നുമെന്നും ഉണര്‍ന്നിരിക്കുന്നവന്‍. അശ്രദ്ധ ബാധിക്കാത്ത, മയക്കമോ ഉറക്കമോ പിടികൂടാത്തവന്‍.

**6.** അധിപതി എന്ന വിശിഷ്ടന്‍. പ്രപഞ്ചത്തിലെ സര്‍വ്വ ചരാചരങ്ങളിലും അവന്റെ ആധിപത്യം സമ്പൂര്‍ണ്ണമായി നിലകൊള്ളുന്നു.

**7.** സര്‍വ്വജ്ഞന്‍. പ്രപഞ്ചമഖിലത്തിലേയും

സർവ്വത്തെയും പൊതിഞ്ഞു നിൽക്കുന്ന അറിവാണവൻേറത്. ഒരണു — അതിൻെറ പരോക്ഷവും പ്രത്യക്ഷവുമായ കാര്യം — പോലും അവൻെറ ജ്ഞാനവൃത്തത്തിന്നപ്പുറമല്ല. ഭൂതം, വർത്തമാനം, ഭാവി (ത്രികാലം) അവൻ അറിയുന്നു. എല്ലാം അവന്ന് വ്യക്തവും സ്പഷ്ടവുമാണ്. എല്ലാം കേൾക്കുന്നവനും കാണുന്നവനും. മനസ്സുകളിൽ ഒളിഞ്ഞു കിടക്കുന്നവയും ഹൃദയങ്ങൾ മറച്ചു വെക്കുന്നതും അവൻ അറിയുന്നു.

8. ഔന്നിത്യമുടയവൻ. മഹത്വസമ്പൂർണ്ണൻ. അസ്തിത്വത്തിലോ, മഹത്വത്തിലോ, ഔന്നിത്യത്തിലോ അവനേക്കാൾ വലിയതായി ഈ പ്രപഞ്ചത്തിൽ ആരുമില്ല. ഒരു വസ്തുവുമില്ല.

9. കരുണയുടയവൻ. പരമ കാരുണികനും കരുണാനിധിയുമാണവൻ. അകാരണമായി ആരെയും അവൻ ശിക്ഷിക്കുകയോ അക്രമിക്കുകയോ ചെയ്യുകയില്ല. തൻെറ അടിമകളെ അതിരററു സ്നേഹിക്കുന്നു. അവർ പശ്ചാത്തപിക്കുകയും അവങ്കലേക്കു ഖേദിച്ചു മടങ്ങുകയും ചെയ്താൽ പൊറുത്തു കൊടുക്കുന്നതാണ്.

മേൽ പറഞ്ഞ വിശേഷണങ്ങളാണ് ഒരുവൻേറതെങ്കിൽ അവൻ മാത്രമാണ് ആരാധ്യനായിരിക്കാൻ അർഹൻ. അല്ലാഹു അല്ലാതെ ഈ വിശേഷണങ്ങളെല്ലാം ഒത്തുചേർന്ന മറെറാരുവനില്ല. അവൻ ഏകനും എവർക്കും ആശ്രയമായിട്ടുള്ളവനുമാണ്. അവന്ന് സന്താനങ്ങളില്ല. അവൻ ആരുടേയും സന്തതിയുമല്ല. അവന്നു തത്തുല്യരായി ആരുമില്ല. നിത്യ ജീവനുടയവൻ. സർവ്വ നിയന്താവ്. ഉറക്കമോ മയക്കമോ പിടികൂടാത്തവൻ. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻേറതാണ്. സർവത്തിന്നും കഴിവുററവൻ. എന്തവൻ ഉദ്ദേശിച്ചാലും, 'ഉണ്ടാകുക' എന്നു പറയും. അപ്പോൾ അതുണ്ടാകും.

അവൻഅധിപതിയാണ്. പരമപരിശുദ്ധൻ. പ്രതാപശാലിയും തന്ത്രജ്ഞനും. ദൃശ്യവും അദൃശ്യവും അറിയുന്നവൻ. പരമകാരുണികനും കരുണാനിധിയും. ഇപ്പറഞ്ഞ ഗുണ വിശേഷങ്ങളാണവൻേത്. അപ്പോൾ അവൻ മാത്രമാണ് യഥാർത്ഥ ദൈവം. സർവ്വ സൃഷ്ടികളുടേയും അമൂല്യമായ ആരാധനകൾ മുഴുവനും അവന്നു മാത്രമർപ്പിക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നു. അതിനാൽ 'ലാഇലാഹഇല്ലല്ലാഹ്' എന്ന ഏകത്വ വചനത്തിൻെറ രണ്ടാം അർദ്ധ ഭാഗത്തിൽ, അല്ലാഹുവിനെ കൂടാതെ ആരാധ്യരെ സ്വീകരിക്കുകയും ജനങ്ങൾ ജൽപിക്കുകയും ചെയ്തിട്ടുള്ള വസ്തുക്കൾക്കൊന്നും ആരാധനാർഹതയില്ല ; അത്യുന്നതനായ അല്ലാഹുവിന്നു മാത്രമേ അതിന്ന് അർഹതയുള്ളൂ എന്ന് സ്ഥാപിച്ചിരിക്കുകയാണ്. അപ്പോൾ ലാഇലാഹ ഇല്ലല്ലാഹ് എന്ന വചനം അല്ലാഹു അല്ലാത്തവർക്കുള്ള ആരാധ്യതാവകാശത്തെ നിഷേധിക്കുകയും അത് അല്ലാഹുവിൽ മാത്രം പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ അവൻ മാത്രമാണ് സാക്ഷാൽ ദൈവം. മററാരുമില്ല തന്നെ.

ആരാധനക്കർഹനായി അത്യുന്നതനായ അല്ലാഹു അല്ലാതെ മററാരുമില്ല എന്നത് എന്നുമെന്നും സ്ഥായിയായി അല്ലാഹുവിൽ നിലകൊള്ളുന്ന പരമാർത്ഥവുമാണ്. അതിനാൽ അവൻ മാത്രം ആരാധ്യനായിരിക്കുക എന്നതിൽ നിന്നുൽഭൂതമാകുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കാം.

വ്യവസ്ഥിതികളുടേയും നിയമ നിർമ്മാണങ്ങളുടേയും അവകാശം. സൃഷ്ടികളുടെ നിയമദാതാവ് അല്ലാഹുവാണ്. അന്യർക്കോ തനിക്കോ വേണ്ടി സ്വയമേവ ഒരു വ്യവസ്ഥിതി ഉണ്ടാക്കുവാൻ ആർക്കും അവകാശമില്ല. ഈ വ്യവസ്ഥിതികൾ അല്ലാഹു അയച്ച പ്രവാചകന്മാരിലൂടെ അല്ലാതെ

ലഭിക്കുകയുമില്ല. അതിനാൽ തങ്ങളുടെ സൃഷ്ടാവിനെ വണങ്ങുന്നതിൽ സ്വന്തമായി നിയമ വ്യവസ്ഥകൾ ഉണ്ടാക്കൽ മനുഷ്യരിലാർക്കും അനുവദനീയമല്ല. സമൂഹങ്ങൾക്കും വ്യക്തികൾക്കുമെല്ലാം സ്വയംകൃതമായി പെരുമാററച്ചട്ടവും വ്യവസ്ഥകളും നിർമ്മിക്കാനോ ഒരുകാര്യം നിഷിദ്ധമോ (ഹറാം) അനുവദനീയമോ (ഹലാൽ) ആക്കാനോ അവകാശമില്ല. നിയമ ലംഘകർക്കും കുററവാളികൾക്കും അർഹമായ ശിക്ഷയും പ്രതികാര നടപടികളും സ്വയം ചമച്ചുണ്ടാക്കാൻ പാടില്ല. അതിനാൽ വിധിവിലക്കു (ഹലാൽ,ഹറാം) കളുടെ ഈ അധികാരം ആരെങ്കിലും അവകാശപ്പെട്ടാൽ അവൻ ദൈവത്തിന്റെ പദവിയിൽ സ്വയം അവരോധിതനാകാൻ തുനിയുകയാണ്. അത്തരക്കാർക്ക് വിധേയത്വമർപ്പിച്ച് ജീവിക്കുന്നവർ അല്ലാഹുവിന്നു പുറമേ ദൈവങ്ങളെ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

ജൂതരും ക്രൈസ്തവരും അവരുടെ പണ്ഡിത പുരോഹിത വർഗ്ഗങ്ങളെ അല്ലാഹുവിനു പുറമേ ദൈവങ്ങളാക്കി വെച്ചുവെന്ന് അല്ലാഹു പറയുന്നുണ്ട്. അത്, യാതൊരു -പ്രമാണവു മില്ലാതെ- അല്ലാഹു നിഷിദ്ധമാക്കിയവ അവർ അനുവദനീയ മാക്കുകയും, അല്ലാഹു അനുവദിച്ചവ അവർ നിഷിദ്ധമാക്കുകയും ചെയ്തതിനാലായിരുന്നു.

അല്ലാഹു അല്ലാതെ സാക്ഷാൽ ആരാധ്യനായി മററാരുമില്ലെന്ന യാഥാർഥ്യം ഗ്രഹിച്ചു കഴിഞ്ഞാൽ പിന്നെ, പ്രവാചകന്മാരുടെ ജിഹ്വയിലൂടെ അല്ലാഹു നിയമ മാക്കിത്തന്നിട്ടുള്ള വ്യവസ്ഥ പ്രകാരമല്ലാതെ അല്ലാഹു ആരാധിക്കപ്പെടുകയില്ല എന്നും മനസ്സിലാക്കേണ്ടതുണ്ട്.

ഇവിടെ ആരാധനകൾ എന്തെന്നു കൂടി നാം മനസ്സിലാക്കണം. ആരാധനകളിൽ ഒരംശവും അല്ലാഹുവിലേക്കല്ലാതെ മററാരിലേക്കും തിരിച്ചു

വിടാതിരിക്കുക. ഇതു നാം സമ്മതിച്ചു കഴിഞ്ഞാൽ, അല്ലാഹു സൃഷ്ടികളെ പടച്ചിരിക്കുന്നതു തന്നെ അവനെ ആരാധിക്കാൻ മാത്രമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കുക. ഈ മനുഷ്യ ജീവിതത്തിൻെറ പൊരുൾ അതാണ്. അതിനാൽ തൻെറ ജീവിതത്തെ മുഴുവനും അല്ലാഹുവിന്നുള്ള ആരാധനയാക്കി മാററണം. അപ്പോൾ തനിക്കും മററുള്ളവർക്കും ആവശ്യമായ ജീവിത വ്യവഹാരങ്ങളിലെ സർവ്വ കാര്യങ്ങളിലുമുള്ള അല്ലാഹുവിൻെറ നിയമവ്യവസ്ഥകൾ വ്യക്തമായി അവൻ ഗ്രഹിച്ചിരിക്കൽ അനിവാര്യമായിത്തീരുന്നു. അവൻെറ എല്ലാ വിനിമയങ്ങളും ദൈവ വിധികൾക്ക് അനുസൃതമാക്കിത്തീർക്കണം. ഇവ്വിധം അല്ലാഹുവിൻെറ നിയമവ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കുകയും ദൈവ സാമിപ്യം നേടണമെന്ന ഉദ്ദേശത്തോടെ സർവ്വ കർമ്മങ്ങളും നിലനിർത്തുകയും ചെയ്താൽ അത് യഥാർത്ഥ ദൈവാരാധനയായി ത്തീരുന്നതാണ്. അല്ലാഹു ഇഷ്ടപ്പെട്ട , പ്രത്യക്ഷവും പരോക്ഷവുമായ , വാചാ കർമ്മണായുള്ള മുഴുവൻ കാര്യങ്ങളുടേയും സമുച്ചയത്തിന്നാണല്ലോ 'ആരാധന' യെന്നു വിവക്ഷിക്കാറുള്ളത്.

'ലാഇലാഹ ഇല്ലല്ലാ' യുടെ ആശയവും അതിൻെറ ലക്ഷ്യമെന്ത് എന്നതിൻേറയും സംക്ഷിപ്ത വിവരണമാണിതുവരെ വിവരിച്ചത്. എനി അത് അംഗീകരിക്കുകയും അതിന്നനുസൃതം പ്രവർത്തിക്കുകയും ചെയ്യൽ അനിവാര്യ മാകുന്നുവെന്ന് കൂടി ഉണർത്തട്ടെ.

## ഇത് അംഗീകരിക്കുന്നതെങ്ങിനെ? അതിന്നുള്ള മാർഗ്ഗങ്ങളേത് ?

<u>ഒന്നാമതായി</u> : യഥാർത്ഥ ദൈവം അല്ലാഹു മാത്രമാകുന്നു.

ആരാധന അവന്നല്ലാതെ മററാർക്കും അനുവദനീയമല്ല. സന്തത സഹചാരി കളൊന്നുമില്ലാത്ത, അന്യൂനവും പരിശുദ്ധവും സമ്പൂർണ്ണവുമായ വിശേഷ ഗുണങ്ങളുള്ളവനാകുന്നു അല്ലാഹുവെന്നും അടിയുറച്ചു വിശ്വസിക്കുക.

<u>രണ്ടാമതായി</u> : സർവ്വ ചരാചരങ്ങളുടേയും സൃഷ്ടാവും അന്നദാതാവും ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും ഈ പ്രപഞ്ചത്തിൻെറ ഉടമസ്ഥനും സൃഷ്ടികളുടെ വിധി കർത്താവും ഏകനുമായി അല്ലാഹുവല്ലാതെ മററാരുമില്ലെന്ന് വിശ്വസിക്കുക.

<u>മൂന്നാമതായി</u> : കഴിവ്, കരുണ എന്നിവ പോലെ വിശുദ്ധ ഖുർആനിലും പ്രവാചക വചനങ്ങളിലും ദൈവ വിശേഷണങ്ങളായി അറിയിക്കപ്പെട്ടിട്ടുള്ളവ അതുപോലെ തന്നെ - യാതൊരു ദുർവ്യാഖ്യാനവുമില്ലാതെ - എല്ലാ ന്യൂനതകളിൽ നിന്നും മുക്തമായി, പരമപ്പരിശുദ്ധവും സമ്പൂർണ്ണവും അന്യൂനവുമായ ഗുണങ്ങളാൽ വിശേഷിപ്പിക്കപ്പെട്ടവനാണ് അല്ലാഹുവെന്ന് വിശ്വസിക്കുക.

ഇക്കാര്യത്തിൽ മുഹമ്മദ് നബി(സ.അ) ഒററിവും കൂടാതെ അല്ലാഹുവിനെക്കുറിച്ച് വ്യാജമായി എന്തെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ അല്ലാഹു അദ്ദേഹത്തെ കഠിനമായി ശിക്ഷിക്കുമായിരുന്നുവല്ലോ. മറിച്ച് അല്ലാഹു അദ്ദേഹത്തെ പിന്തുണക്കുകയും അദ്ദേഹത്തിൻെറ സത്യസന്ധതക്കും ദൈവമത പ്രബോധന രംഗത്തെ വിശ്വസ്തതക്കും ദൃഷ്ടാന്തങ്ങൾ അവതരിപ്പിച്ചു കൊടുക്കുകയുമാണ് ചെയ്തത്. അല്ലാഹു അക്കാര്യം വിശുദ്ധ ഖുർആനിലൂടെ പ്രഖ്യാപിക്കുകയും ചെയ്തു.

**"നമ്മുടെ പേരിൽ അദ്ദേഹം വല്ല വാക്കും**

വ്യാജമായി പറഞ്ഞിരുന്നുവെങ്കിൽ നാം അദ്ദേഹത്തെ വലതു കൈ കൊണ്ട് പിടികൂടുകയും എന്നിട്ടദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചു കളയുകയും ചെയ്യുമായിരുന്നു" (വി.ഖു. 69 : 45–47).

<u>നാലാമതായി</u>: വിശ്വാസികൾ പരസ്പരം സ്നേഹ ബന്ധം സ്ഥാപിക്കുന്നവരും അനുകമ്പയുള്ളവരും പരസ്പര സഹായികളുമായി വർത്തിക്കണം.
അല്ലാഹു പറയുന്നു :

"മുഹമ്മദ് (സ.അ.) അല്ലാഹുവിന്റെ ദൂതനാണ്. അദ്ദേഹത്തോടൊപ്പമുള്ളവർ നിഷേധികളോട് (വിശ്വാസത്തിലും ആദർശങ്ങളിലും) കർക്കശക്കാരാകുന്നു. അവരാകട്ടെ (വിശ്വാസികൾ) പരസ്പരം ദയാലുക്കളുമാകുന്നു." ( വി.ഖു. 48 : 29 )

അതേപ്രകാരം, വിശ്വാസികൾ അവിശ്വാസികളിൽനിന്ന് ഒഴിഞ്ഞ് നിൽക്കുകയും വേർതിരിഞ്ഞ് നിലകൊള്ളുകയും ചെയ്യണം. പ്രവാചകനായ ഇബ്രാഹിം (അ), തന്റെ പിതാവിൽ നിന്നും ജനതയിൽനിന്നും — അവർ ദൈവ ശത്രുക്കൾ ആയതിനാൽ — ബന്ധം വിഛേദിച്ച് മാറി നിന്നുവല്ലോ.

"നിങ്ങൾക്ക് ഇബ്രാഹിമിലും അദ്ദേഹത്തോടൊപ്പമുള്ളവരിലും ഉൽകൃഷ്ട മാതൃകയുണ്ട്. അവർ തങ്ങളുടെ

ജനതയോട് പറഞ്ഞ സന്ദർഭം : നിങ്ങളിൽ നിന്നും ദൈവത്തിന്നു പുറമെ നിങ്ങൾ ആരാധിക്കുന്നവയിൽ നിന്നും തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നതുവരെ എന്നന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു." ( വി.ഖു . 60 : 4 )

ഇസ്‌ലാമിലേക്കുള്ള കവാടമായ ഈ വചനം അംഗീകരിക്കാനുള്ള അനിവാര്യതകളാണ് ഇപ്പറഞ്ഞത്. ഈ മതത്തിന്റെ അടിത്തറയും ഇതുതന്നെ. സത്യസന്ധമായി ഇതൊരാൾ അംഗീകരിക്കുകയും അതിന്നനുസൃതം പ്രവർത്തിക്കുകയും ചെയ്താൽ അവന്റെ മടക്ക സ്ഥാനം —ദൈവാനുഗ്രഹത്താൽ— സ്വർഗ്ഗമായിരിക്കും. പിന്നീടവനിൽ നിന്ന് (ചെറു) പാപങ്ങളും മററും ഉണ്ടായിട്ട് പശ്ചാത്തപിക്കാതിരുന്നാലും, ഒന്നുകിൽ അതെല്ലാം അല്ലാഹു അവന്ന് പൊറുത്തു കൊടുക്കുകയോ അല്ലെങ്കിൽ അവന്റെ കുററത്തിന്നനുസൃത ശിക്ഷ നൽകി പാപ മുക്തനാക്കി അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയോ ചെയ്തേക്കാം .

മുഹമ്മദ്(സ.അ)പറഞ്ഞു:

പ്രവാചകനായിരുന്ന മൂസാ(അ), അല്ലാ

ഹുവിനോട് അവനെ ആരാധിക്കാൻ ഉതകുന്ന പ്രത്യേകമായ ഒരു കർമ്മം പറഞ്ഞു കൊടുക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ അല്ലാഹു അറിയിച്ചു. മൂസാ, ലാഇലാഹ ഇല്ലല്ലാഹ്' എന്നു നീ പറഞ്ഞു കൊള്ളുക. അപ്പോൾ അദ്ദേഹം പറഞ്ഞു. നാഥാ, നിൻെറ അടിമകളെല്ലാം അതു തന്നെയാണല്ലോ പറയുന്നത്? അപ്പോൾ അല്ലാഹു പറഞ്ഞു. മൂസാ, ഏഴ് ആകാശങ്ങളും ഭൂമികളും അവയിലുള്ള സർവ്വ വസ്തുക്കളും ഒരു തട്ടിലും ' ലാഇലാഹ ഇല്ലല്ലാ' മറെറ തട്ടിലും വെച്ചാൽ 'ലാഇലാഹ ഇല്ലല്ലാ' യാണ് ഘനം തൂങ്ങുക"

**നബി (സ.അ) പറഞ്ഞു:**
**"ഏതൊരുവൻെറ അന്ത്യവചനം 'ലാഇലാഹ ഇല്ലല്ലാഹ്' എന്നായിത്തീർന്നുവോ അവൻ സ്വർഗ്ഗം പുകുന്നതാണ്."**

പക്ഷേ, ഇതുച്ചരിച്ചതുകൊണ്ട് മാത്രമായെന്ന് ധരിക്കുന്നുവോ? നിശ്ചയം. അവയോടൊപ്പം ചില നിബന്ധനകൾ അനിവാര്യമാകുന്നു . അവ :

1. ആരാധ്യനായി യഥാർത്ഥ ദൈവമായ അല്ലാഹുവല്ലാതെ മററാരുമില്ലെന്ന അടിയുറച്ച ജ്ഞാനമുണ്ടായിരിക്കുക. അവനല്ലാതെ ആരാധിക്കപ്പെടുന്നവയെല്ലാം മിഥ്യയാണെന്നും ഗ്രഹിക്കുക. ആ ആരാധ്യർ യാതൊരു ഉപകാരമോ ഉപദ്രവമോ ആർക്കും ചെയ്തു കൊടുക്കാൻ

കഴിവില്ലാത്തവരാണെന്നും അറിയുക.

2. സംശയ ലേശമന്യേ, ചാഞ്ചല്യമില്ലാതെ ഇക്കാര്യം ദൃഢമായി അംഗീകരിക്കുക.

3. ഈ സാക്ഷ്യം സ്വീകരിക്കുകയും ഒരിക്കലും തള്ളിക്കളയാതിരിക്കുകയും ചെയ്യുക.

4. അല്ലാഹുവിനെ റബ്ബായും മുഹമ്മദ് നബി (സ.അ)യെ അല്ലാഹുവിന്റെ ദൂതനും പ്രവാചകനുമായി തൃപ്തിപ്പെടുകയും അതിന്റെ തേട്ടമനുസരിച്ച പ്രവർത്തനങ്ങളിൽ നിരതനാകുകയും ചെയ്യുക.

5. ഇതെല്ലാം പ്രാവർത്തികമാക്കുകയും നിഷ്കളങ്കമായി അവന്ന് കീഴൊതുങ്ങുകയും ചെയ്യുക.

6. ആരാധനകൾ മററാർക്കുമാകാതെ അല്ലാഹുവിന്നുമാത്രം അർപ്പിക്കുന്നതിൽ നിസ്വാർത്ഥനായിരിക്കുക.

7. അത്യുന്നതനായ അല്ലാഹുവിനേയും അവന്റെ ദൂതനേയും അവന്റെ കൽപന കളനുസരിച്ചു ജീവിക്കുന്ന നല്ലവരായ എല്ലാദാസന്മാരേയും അഗാധമായി സ്നേഹിക്കുക.

അവസാനമായിപ്രസ്താവിക്കട്ടെ,

അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുകയും നിരോധനങ്ങൾ വെടിയുകയും ചെയ്യൽ അത്യാവശ്യമാകുന്നു. അല്ലാഹുവിനോടുള്ള സ്നേഹത്തോടെയും, അവന്റെ ശിക്ഷയിലുള്ള ഭീതിയോടെയും, അവന്റെ പക്കൽനിന്നുള്ള പ്രതിഫല മോഹത്തോടെയും, പാപമോചന പ്രതീക്ഷയോടെയും പ്രവാചകൻ മുഹമ്മദി (സ.അ)നെ പിന്തുടർന്നുകൊണ്ടും ഇവ പ്രാവർത്തികമാക്കുക. അദ്ദേഹം അന്ത്യ പ്രവാചകനാണ്. അദ്ദേഹം നടപ്പിലാക്കിയ നിയമ വ്യവസ്ഥകൾ മുൻകാല വ്യവസ്ഥകളെ ദുർബലപ്പെടു

തിക്കൊണ്ടുള്ളതും അവസാന ശരീഅത്തുമാകുന്നു. മുൻകാല ശരീഅത്തുകളിലെ എല്ലാ നന്മകളും അതിൽ ഉൾക്കൊണ്ടിരിക്കുന്നു.

**'ലാഇലാഹ ഇല്ലല്ലാഹ്'** യുടെ സംക്ഷിപ്ത വിവരണവും അതിന്റെ അനിവാര്യതയുമാണ് ഇത്രയും വിവരിച്ചത്. അല്ലാഹു ഇത് ഉപകാരപ്പെടുത്തിയേക്കും.

അന്ത്യ പ്രവാചകനിലും അവിടുത്തെ കുടുംബത്തിലും സഹാക്കളിലും അല്ലാഹുവിന്റെ കരുണാകടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

..............................

فهرسة مكتبة الملك فهد الوطنية أثناء النشر

اللاحم، حمود بن محمد

معنى لا إله إلا الله / ترجمة كويا كوتي الفاروقي - الرياض.

٢٠ص ؛ ١٢×١٧سم

ردمك: ١-٢٩-٧٩٨-٩٩٦٠

النص باللغة المليبارية

١- التوحيد ٢- الإيمان (الإسلام) ٣ -الشهادة (اركان الإسلام)

أ - الفاروقي، كويا كوتي (مترجم) ب - العنوان

ديوي ٢٤٠ ١٦/٢٩٠٣

رقم الإيداع: ١٦/٢٩٠٣

ردمك: ١-٢٩-٧٩٨-٩٩٦٠

# معنى لا إله إلا الله

بلغة كيرلا - المليبارية

إعداد

حمود بن محمد اللاحم

ترجمة

كويا كوتي الفاروقي

اللغة المليبارية

إدارة أوقاف
صالح عبدالعزيز الراجحي

# معنى لا إله إلا الله

## بلغة كيرلا - المليبارية

إعداد
حمود بن محمد اللاحم

ترجمة
كويا كوتي الفاروقي

طبع على نفقة إدارة أوقاف
صالح بن عبدالعزيز الراجحي
غفر الله له ولوالديه ولذريته ولجميع المسلمين
www.rajhiawqaf.org

يهدى ولا يباع